# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2020 മാർച്ച് 14

# വാർത്താക്കുറിപ്പ്

## അനുശോചിച്ചു

കവിയും ഭാഷാ ഗവേഷകനും എഴുത്തുകാരനുമായ പുതുശേരി രാമചന്ദ്രന്റെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അനുശോചിച്ചു. 2012 മുതൽ 2016 വരെ മഹാത്മാഗാന്ധി സർവകലാശാലയുടെ കണ്ണശ്ശ ചെയറിന്റെ അധ്യക്ഷനായിരുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട കോളജുകളിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കണ്ണശ്ശ സ്മാരക പ്രഭാഷണങ്ങൾ സംഘടിപ്പിച്ചിരുന്നു.

(പി.ആർ.ഒ/39/398/2020)

## ബി.എ., ബി.കോം. പ്രൈവറ്റ്; പരീക്ഷ കേന്ദ്രങ്ങൾ

ആറാം സെമസ്റ്റർ ബി.എ., ബി.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികളുടെ പരീക്ഷാകേന്ദ്രങ്ങൾ സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/399/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ്

ഓഫീസർ